LIBRARY ARCHIVES Kerala Legislative Assembly

കെ.ടി.ഡി.സി.യും ഡി.ടി.പി.സി.യും സ്വന്തം നിലയിൽ ടൂറിസം പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളാണ്. കെ.ടി.ഡി.സി.-യുടെ കീഴിലുള്ള ഹോട്ടലുകൾ കെ.ടി.ഡി.സി സ്വന്തം നിലയിലാണ് നടത്തിവരുന്നത്. അതുകൊണ്ട് സഹകരണ സ്ഥാപനങ്ങൾക്ക് കെ.ടി.ഡി.സി-യുടെ യൂണിറ്റുകൾ ഏറ്റെടുത്ത് നടത്തുവാൻ നിലവിൽ കഴിയുകയില്ല. ഡി.ടി.പി.സി.-കൾ പാർക്കുകളും മറ്റ് വിനോദോപാധികളും നടത്തുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പിനായി കരാർ അടിസ്ഥാനത്തിൽ മറ്റ് സ്ഥാപനങ്ങളെ നിയോഗിക്കുമ്പോൾ സഹകരണ സ്ഥാപനങ്ങൾക്കും ചട്ടപ്രകാരം പങ്കെടുക്കാവുന്നതാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കൊല്ലം ബീച്ചിലെ ടോയ്‌ലറ്റ് കോംപ്ലക്സ്

1(2357) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ബീച്ചിൽ അന്താരാഷ്ട്ര നിലവാരമുള്ള ടോയ്‌ലറ്റ് കോംപ്ലക്സ് സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ബീച്ചിൽ അന്താരാഷ്ട്ര നിലവാരമുള്ള ടോയ്‌ലറ്റ് കോംപ്ലക്സ് സ്ഥാപിക്കുന്ന പദ്ധതിയുടെ എക്സിക്യൂട്ടിംഗ് ഏജൻസിയായ കിറ്റ്കോ കോൺട്രാക്ടർക്ക് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി വിഭാവന ചെയ്തിരിക്കുന്ന സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിനായി സോഷ്യൽ ഫോറസ്ട്രി വകുപ്പിനോടും കൊല്ലം നഗരസഭയോടും ആവശ്യപ്പെട്ടിരിക്കുകയാണ്. ടി വകുപ്പുകളുടെ ക്ലിയറൻസ് ലഭിച്ചാലുടൻ പദ്ധതി നിർമ്മാണം ആരംഭിക്കുന്നതാണ്.

പന്ന്യന്നൂർ ഐ.ടി.ഐ. കെട്ടിട നിർമ്മാണം

2(2358) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച പന്ന്യന്നൂർ ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് (ഐ.ടി.ഐ.ബി.എൽ./2020/7055) പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്) വിഭാഗത്തിന് സമർപ്പിച്ചിരുന്നുവോ; ആയതിന് അംഗീകാരം ലഭ്യമായോ എന്ന് അറിയിക്കുമോ?